"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ് -കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി- പ്രൊഡക്ഷൻ മാനേജർ തസ്തിക - നിയമനം - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ ( സി) വകുപ്പ്

സ.ഉ.(സാധാ) നം.74/2026/PPAD തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:- കെ.ബി.പി.എസ് എം.ഡി. യുടെ 27/01/2026, 04/03/2026 11/03/2026 എന്നീ തീയതികളിലെ പി&എ2/607/2026/1133 നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിലെ ഉൽപ്പാദന സംബന്ധിയായ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കുന്ന പ്രധാന ഭരണ നിർവ്വഹണ പദവിയായ പ്രൊഡക്ഷൻ മാനേജർ തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരനായ ശ്രീ.കെ അശോകൻ 2026 മെയ് 31-ന് വിരമിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത തസ്തികയിലേക്ക് പുതിയ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനായി സൊസൈറ്റിയുടെ റിക്രൂട്ട്മെന്റ് പോളിസി അനുസരിച്ച് രൂപീകരിച്ച സെലക്ഷൻ ബോർഡ് 07.03.2026-ന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ നടത്തുകയും ആയതിൽ നിന്നും ഇന്റർവ്യൂ ബോർഡ് തെരെഞ്ഞെടുത്ത ശ്രീ ജിതിൻ പീറ്റർ, ഞാറ്റുംകാലായിൽ ഹൗസ്, കുപ്പാടി പോസ്റ്റ്, സുൽത്താൻ ബത്തേരി, വയനാട് എന്ന വ്യക്തിയ്ക്ക് കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ പ്രൊഡക്ഷൻ മാനേജർ തസ്തികയിൽ 77200-140500 ശമ്പള സ്കെയിലിൽ നിയമനം നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം കെ. ബി പി .എസ് മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെബിപിഎസ് എം.ഡി. യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ പ്രൊഡക്ഷൻ മാനേജർ തസ്തികയിൽ 01/06/2026-ൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് 77200- 140500 ശമ്പള സ്കെയിലിൽ ശ്രീ ജിതിൻ പീറ്റർ, (ഞാറ്റുംകാലായിൽ ഹൗസ്, കുപ്പാടി പോസ്റ്റ്, സുൽത്താൻ ബത്തേരി, വയനാട്) എന്ന വ്യക്തിയെ കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിലെ നിലവിലെ നിയമന, സേവന-വേതന വ്യവസ്ഥകൾക്ക് വിധേയമായി

നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കെ.ബി. പി.എസ് ,കാക്കനാട് കൊച്ചി

2. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ &ഇ )കേരളം തിരുവനന്തപുരം

3, അക്കാണ്ടന്റ് ജനറൽ (ആഡിറ്റ് i/ii) കേരള ,തിരുവനന്തപുരം

4. ഇൻഫർമേഷൻ ഓഫീസർ (വെബ് ആൻഡ് ന്യൂ മീഡിയ ), ഐ & പി ആർ.ഡി

9. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ